
# MIRACLE



Little kites magazine 2020

St.Michlael's HSS Pravithanam

## ഉള്ളടക്കം

എഡിറ്റോറിയൽ....................................................................2
*THE LION AND THE DEER*....................................................................3
*EVAN DENNIS IX A*....................................................................3
Bird in the sky....................................................................*4*
jobin Joseph mathews....................................................................4
AS I WAS WALKING....................................................................5
JOYAL GEORGE....................................................................5
IX-A....................................................................5
BIRDS TALK TO US....................................................................6
IX-A....................................................................6
THE MOUSE AND....................................................................7
THE PENCIL....................................................................7
*Rajesh Tom IX A*....................................................................7
POEMS....................................................................8
Rajesh Tom IX A....................................................................8
Nothing Gold Can Stay....................................................................8
AS I WAS WALKING....................................................................9
Emil v saji....................................................................9
*RONU AND MONU*....................................................................10
Shone Siby IX B....................................................................10
മഴത്തുള്ളിക്കിലുക്കം....................................................................12
Ditto Michael....................................................................12
IX A....................................................................12
ദ്വീപുകൾ....................................................................13
തീർക്കുന്നവർ....................................................................13
അരുൺ ജോഷിIX B....................................................................13
കട്ടുറുമ്പ്....................................................................14
ജിതിൻ ബിജു IX B....................................................................14
ഗാന്ധി മാർഗം വിജയവും പരാജയവും....................................................................16
രശ്മി സാബു IX B....................................................................16
റോബോട്ടിക്സ്....................................................................23
എബിൻ ബിനോയ് IX B....................................................................23
ഡാറ്റാ ബാങ്ക്....................................................................25
ദേവനാരായണൻ എസ്....................................................................25
കൊറോണ വൈറസ്....................................................................26
മേഘന മാര്ട്ടിൻ IX B....................................................................26

# എഡിറ്റോറിയൽ

നമ്മുടെ സമൂഹം വികസനത്തിന്റെയും വളർച്ചയുടെയും വിജയാകാശത്തിലേക്ക് അനുദിനം പറന്നുയർന്നുകൊണ്ടിരിക്കുകയാണ്. ജീവിതരീതികൾക്കൊപ്പം വിദ്യാഭ്യാസ പദ്ധതികളിലും വികസനത്തിന്റെ സാക്ഷ്യങ്ങളായി മാറുകയാണ് ഇന്നു നമുക്കു സുപരിചിതമായ ഹൈടെക് വിദ്യാഭ്യാസ സമ്പ്രദായം.

വിവരസാങ്കേതികവിദ്യയുടെ സകലതലങ്ങളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് മുന്നേറുന്ന പാഠ്യപദ്ധതികൾ ഇന്നു നടപ്പാക്കപ്പെടുമ്പോൾ അതിലൂടെഉണ്ടാകുന്നനേട്ടങ്ങളുംഅനവധിയാണ്. വിദ്യാഭ്യാസത്തിന്റെ അനന്ത സാധ്യതകൾ ഓരോ കുട്ടിക്കും മുൻപിൽ തുറന്നു വയ്ക്കാൻ ഹൈടെക്ക് വിദ്യാഭ്യാസ സമ്പ്രദായത്തിന് ഇന്നു സാധിക്കുന്നു.

ഈ അവസരത്തിലാണ് കുട്ടികളുടെ കലാവൈഭവങ്ങളെ കണ്ടെത്തികൊണ്ട്
ഹൈടെക് വിദ്യാഭ്യാസത്തിന്റ പുതുസാധ്യതകളെക്കൂടി പ്രയോജനപ്പെടുത്തി
കൊണ്ടുള്ള ഈ ഡിജിറ്റൽ മാഗസിന്റെ പ്രസക്തി.

ഈ സ്കൂളിലെ കുരുന്നുകളുടെ സർഗവാസനകളെ ഉണർത്തിക്കൊണ്ട് അവരുടെ കലാസൃഷ്ടികളുടെ ഒരു നിറസാനിദ്ധ്യമായി മാറുകയാണ് എന്ന ഈ ഡിജിറ്റൽ മാഗസിൻ . മനസ്സിന്റെ ഏതോ കോണിൽ ഉറങ്ങികിടന്ന തന്നിലെ കലാവൈഭവത്തെയും പ്രതിഭയെയും കണ്ടത്താൻ ഓരോ കുട്ടിയെയും വളരെയധികം സഹായിച്ചു.

എന്റെ കൂട്ടുകാരുടെ വിവിധ കലാസൃഷ്ടികൾ ഒത്തിണങ്ങിയ ഈ മാഗസിൻ ഏവർക്കും ഒരു പ്രചോദനമായി തീരട്ടെ .അറിവിന്റെ വിജയ സോപാനത്തിലേക്ക് പറന്നുയരാൻ ഏവർക്കും സാധിക്കട്ടെ. ഒരായിരം ഭാവുകങ്ങളും മംഗളങ്ങളും അതിലുപരി നന്മകളും നേർന്നുകൊണ്ട് സമർപ്പിക്കുകയാണ്.

എമിൽ വി ഷാജി
എഡിറ്റർ


# *THE LION AND THE DEER*

***EVAN DENNIS IX A***

***One day a deer went to a pool to quench his thirst. The pool water was so clear that he could see his reflection in it. He looked at the image of his antlers and felt proud of their beauty. Suddenly, his eyes fell on the reflection of his face-legs. Through slender to look at, they gave him his high -speed. But he felt sad seeing them. With a heavy heart, he quenched his thirst. Hardly had he raised his head when he saw lion coming towards him,. So, he took to his heels and the lion was left far behind. The deer took a sigh of relief. But, unfortunately, his antlers got caught in a thicket. He tried his best to be free but could not. In the mean time, the lion came quite closer. The deer now cursed himself for condemning his legs and praising his horns. But now he could do nothing. The lion over took him and tore him to pieces.***

# Bird In The Sky

**jobin Joseph mathews**



When I see with my eye
The birds that fly in the sky
looks like dots
And fur as a coat

I wish I were a bird
can fly all over the world
And ride upon
the  breeze and go

which ever way I chanced to blow
see all the countries
And follow all things

# I  WAS AS WALKING

JOYAL GEORGE
IX-A



*As I was walking
streams down the bridge
streams are talking to my dreams
snakes are feeling their desire to almighty
green grasshoppers are talking
rose riwaling rose
and wind scensing like amber*

*Dispresad in light
As from bush to bush
Linet took flight
Master birds and animals I saw
In the shadow rinned mouth of his
Pyramids shall be sand cave*

*Sandy cavern , looking out
to the South, It was dew
tide coming ,the turf was sweet
too waved nostril, waved tooth
and wool, soft feel behave like grace
sun was in west and moon in the east
crystal seep through mind,carrying golden showers
sorrow mind shall deep in earth*

*almighty shall be the might power
grace upon the creatures,be blessed
showers of blessings we pray
all time be powers of the great
gliters the far blossom minds across
the time be past, as we can get*



*MORAL THOUGHTS  MUST OUR PLAN*
***IT SHOULD BE OUR PLAN***

# BIRDS TALK TO US

JOYAL GEORGE
IX-A

Birds shall fly to deep skyn
wagging their sign so deep
nature convey their nasty sorrow
hears the past sounds from us
that we should avoid so.
Creep,scrap nuinses they make



existence of coloured creatures
man destroy the vast nature
feelings not only to us,birds can so
they mate us so scary, blind eyes
make them seen close far from us
birds talks protect the environment

Rainbow meet birds with happy
co-existence of life is only with birds
save the birds is the main aim
again and again they talk to us
please don't destroy us
hear them,so they shall talk to us.



BIRDS SHALL FLY SO HIGH
TO
TOUCH THE BLANKET OF
CLOUDS

SAVE BIRDS

PROTECT THEM

# THE MOUSE AND THE PENCIL

*Rajesh Tom IX A*



*one day a little mouse was looking for something to eat he found a pencil*

*"I' m going to bite you,"*
*said the mouse. And he bit it hard.*
*"you're hurting me",*
*said the pencil" Let me draw you one*
*last picture and then you can do*
*what you like!*
*"Very well". Said the mouse*
*"The pencil draw a big circle*
*Is that a cheese?" asked the mouse"*
*"we'll call it a cheese", said the pencil and*
*it drew three little circles the big one*
*"that's an apple," squeaked the mouse"*
*"Let's call it an apple", said the pencil it*
*began drawing some funny curved thing near the second*
*circle.*
*"why those are cucumber," said the mouse licking his*
*lips.*



*"I wish you'd hurry. I simply can't*
*wait to get my teeth into them!"*
*the pencil drew two little triangle on the top circle*
*"oh, oh!" squeaked the mouse*
*"now you've made it like a cat! Don't go on!"*

***but the pencil till it had drawn long whiskers***
***and a mouth on the top circle.***
***And the mouse cried out in terror,***
***"It's a real cat! Help!"***

# POEMS

**Rajesh Tom IX A**

## Focusing On The Good

Tiny little secrets
Get buried in the dirt,
And if they were dug up,
Someone would probably get hurt,


## Nothing Gold Can Stay

Nature's first green is gold,
Her hardest hue to hold.
Her early leaf's a flower;
But only so an hour.
Then leaf subsides to leaf.
So Eden sank to grief,
So dawn goes down to day.
Nothing gold can stay.

# AS I WAS WALKING

**Emil v saji**

As i was walking
rhyme sweet to my nose
green grasshoppers are talking
rose rivalling rose
and wind like amber



dispread in light
As from bush to bush
linet look flight
master rabbit I saw
In the shadow rinned Mouth of his

to the south, It was dew
tide coming. The turf was
sweet to nostril curved Tooth
And wool, soft feel

Sun was in west.
Crystal In learn of its golden shower.

# ***RONU AND MONU***

**Shone Siby IX B**

There were two friends called Ronu and Monu. Ronu was blind while Monu was lame . One day, Ronu said ,There is a religious fair at the other village . Many saintly and rich people will come there . We should go . We will get good alms’’.

Ronu said, “But the village is . Very far away. You are lame and I am blind”


monu replied,”Don’t be disheartened, I have thought of a way by which we can reach the fair. You are blind but you can walk.

I am lame but I can see. We can help each other . You can carry me on your back and in this way , they started for the fair to try their luck




BY HELPING OTHERS, YOU HELP YOURSELF

Reading is a shade of dance....
reading is a very important in life
skills and it important
We love reading
in kids from young age



by
sachu shiby
IX A

## **മഴത്തുള്ളിക്കിലുക്കം**

**Ditto Michael**
**IX A**

മഴ ചെന്നു കടലിനെ
മലയായി വിളിക്കുന്നു
മലകൊണ്ടു കടൽ ചിക്കി
ക്കടലാകെക്കടയുന്നു
കടലിൽ നിന്നുയരുന്നു
തനിവെള്ളക്കതിരകൾ
തിരിമുറിയാതെ തിമർത്തു വർഷം
വളരെക്കാലത്തിനു ശേഷം
വയലും വഴിയും മുങ്ങിക്കയറി
*പടിവരെയത്തി പുഴവെള്ളം*

# ദീപുകൾ തീർക്കുന്നവർ

അരുൺ ജോഷിIX B

വിശാല സുനതരമാമീലോകത്തിൽ
വിശാല സുനതരമാമീലോകത്തിൽ
വസിപ്പതലോ മാനവരൊക്കെയും
അനതമാം ഭ്രമിയിതിലലോ

അമൂല്യ സന്ബത്താം മനുഷ്യർ
ദൈവത്തിൻ ഹദയസ്പർശം
തൊട്ടരിയു മാനവർ
മറക്കുന്നീ സ്നോഹസൗഹൃദം

തിരക്രാർന്നൊരി ജിവിതത്തിൽ
വിശാലാതതെ വെട്ടിച്ചുരുക്കി
ഒതുങ്ങിക്കുടാൻ വെന്ബൽകുട്ടം

ഇന്നിന്റെ മക്കളേറെയും
ഹരദയതാളത്തിന് കചിഞ്ഞാണിടില്ല
***മൊബൈൻഫോണിന്റെ കടിഞ്ഞാണിടില്ല***

# കട്ടുറുമ്പ്

**ജിതിൻ ബിജു IX B**

കട്ടുറുമ്പുഞാൻ കട്ടുതിന്നുന്നില്ല
കഷ്ട്ടപ്പെട്ടുന്നുഞാനെന്തുമാത്രം
ഭാരംചുമക്കുന്നു ഊരെല്ലാംചുറ്റുന്നു
കെട്ട്യോളേംപിള്ളരേം പോറ്റീടുവാൻ
കാലത്തെഴുന്നേറ്റുഭാര്യയൊരുക്കുന്ന
പ്രാതൽ കഴിച്ചുപുറത്തിറങ്ങും
അന്തിവരേയ്ക്കുംഞാൻ നെട്ടോട്ടമോടുന്നു
പിഞ്ചുകുഞ്ഞുങ്ങളേ കേൾക്കനിങ്ങൾ

കാലത്തുകവലയിൽ ചേലൊത്തകൊട്ടയിൽ
ചാറെഴുംപലഹാരമേന്തിമെല്ലെ
ആണ്ടിത്തെരുവിലെ പണ്ടാരമമ്മൂമ്മ
ചേലെഴുംചേല ഉടുത്തണയും
കൈയ്യിൽപുരളുന്ന പഞ്ചാരത്തുളളുകൾ
താഴെ കുടഞ്ഞിടാറുണ്ടമ്മൂമ്മ
ഞങ്ങളതെടുത്തെന്നുംചുമന്നുകൊ-
ണ്ടെല്ലാവിധത്തിലും കൂട്ടിവയ്ക്കും

ഒരുനാളിൽമാനത്തു കാർമുകിൽകണ്ടപ്പോൾ
അരുമകിടാങ്ങൾ ഭയന്നുപോയി
ഇനിയിപ്പോൾമഴവരും പെരുവെള്ളപുഴവരും
കഴിയാനിടമുണ്ട് ; ഭക്ഷണമോ?
ഇനിയൊട്ടുമച്ഛനെ മഴവെള്ളപാച്ചിലിൽ
പുറമേകടക്കാൻ വിടുകവയ്യ
പഞ്ഞത്തിൻകാലങ്ങൾ പട്ടിണിപാവങ്ങൾ
എങ്ങനെഞങ്ങൾ വിശപ്പടക്കും?

ഉടനെന്റെപ്രിയപത്നി ജീവിതസാരഥി
അറിവിന്റെ സാഗരം മക്കൾക്കോതി
തെല്ലുംഭയംവേണ്ട; ഉണ്ട് ഞങ്ങൾക്കെല്ലാം

പല്ലുമുറിയെ കഴിച്ചീടുവാൻ
എല്ലുമുറിയെ എൻതാതൻപണിപ്പെട്ടു
തെല്ലുമലശൽവരില്ലയിപ്പോൾ

സാരം: എല്ലുമുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം.

# ഗാന്ധി മാർഗം വിജയവും പരാജയവും

രശ്മി സാബു IX B

വിരലിലെണ്ണാവുന്ന ദേശസ്നേഹികളുടെയും ആധുനിക വിദ്യാഭ്യാസം നേടിയ എണ്ണപ്പെട്ട ചിലരുടേയും ചട്ടപ്പടി ഇടപെടൽ മാത്രമായിരുന്ന ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ അടിമത്തത്തിന്റെ യഥാർഥ നകംപേറുന്ന കോടിക്കണക്കിന് ദരിദ്രനാരായണന്മാരുടെ ബഹുജന പ്രസ്ഥാനമാക്കി വളർത്തി വിജയിപ്പിക്കുകയും ലോകത്തുടനീളമുള്ള നിസ്സഹായ ജനതക്ക് വിമോചനപ്പോരാട്ടത്തിന്റെ ലളിതവും ഫലപ്രദവുമായ പുതിയ വഴി എന്നെന്നേക്കുമായി തെളിയിച്ചുകൊടുക്കുകയും ചെയ്തു യുഗപുരുഷൻ എന്ന നിലയിലാണ് മഹാത്മാഗാന്ധി എന്ന മോഹൻദാസ് കരംചന്ദ് ഗാന്ധി ചരിത്രത്തിൽ വിലയിരുത്തപ്പെടുന്നത്.

ഒരുഭാഗത്ത് അവതാര ജന്മത്തോളം പോന്ന അപദാനങ്ങളും സ്വഭാവ വൈശിഷ്ട്യങ്ങളുടെ സ്തുതിഘോഷങ്ങളും, മറുഭാഗത്ത് ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തെ ജനകീയ വിപ്ലവത്തിന്റെ യഥാർഥ വഴികളിൽനിന്ന് വഴിതിരിച്ചുവിട്ട വിപ്ലവ വിരോധിയും ഒറ്റുകാരനും തുടങ്ങി മറ്റ് വ്യക്തിദൂഷിത ആരോപണങ്ങളും വരെ ഒരുപോലെ ഏറ്റുവാങ്ങുമ്പോഴും, ചരിത്രത്തിൽ അപ്രസക്തരായിപ്പോയ യഥാർ ഥ'വിപ്ലവകാരികൾക്കും, വാഴ്ത്തപ്പെട്ട മാർഗത്തിനൊടുവിലെ ദയനീയ പരാജയത്തിന്റെ കാരണങ്ങൾക്കായി ഇന്നും പഠനം തുടരുന്ന സ്വന്തം അനുയായികൾക്കും മുകളിൽ ലോകമെങ്ങുമുള്ള ജനാധിപത്യപ്പോരാട്ടങ്ങൾക്ക് വഴികാട്ടിയാകുന്ന എന്നുതന്നെയാണ് തീർച്ചയായും ഗാന്ധിജിയുടെയും ഗാന്ധിസത്തിന്റെയും ചരിത്രപരമായ പ്രസക്തിയും. സത്യം, ത്യാഗം, സ്നേഹം, അക്രമരാഹിത്യം എന്നിങ്ങനെ സാധാരണക്കാർക്ക് മനസ്സിലാകുന്ന സുഭാഷിതങ്ങളിലൂടെ ഗാന്ധിജി തെളിയിച്ചുകൊടുത്ത ആത്മാഭിമാനത്തിന്റെയും ആത്മത്യാഗത്തിന്റേതുമായ സമരായുധം ഫലപ്രദമായി പ്രയോഗിച്ച്, ലോകത്തെമ്പാടുമുള്ള മർദ്ദിത ജനകോടികൾ ചൂഷകരും ദുഷ്ടരുമായ സ്വന്തം ഭരണാധികാരികളെ കെട്ടുകെട്ടിക്കുകയും അടിയറവ് പറയിക്കുകയും ചെയ്യുന്ന ചരിത്രമുഹൂർത്തങ്ങളിൽ മാത്രമല്ല, ജനാധിപത്യ സമൂഹങ്ങളിലെ മധ്യവർഗസമരങ്ങൾ മുതൽ, ഫാഷിസ്റ്റ് പിന്തിരിപ്പൻ ശക്തികളുടെ ഗൂഢതന്ത്രങ്ങളിൽ വരെ ഗാന്ധിമാർഗം പ്രധാന കർമപരിപാടിയായി മാറുമ്പോൾ ഈ ചരിത്ര പ്രസക്തി സവിശേഷ ശ്രദ്ധ അർഹിക്കുകയും ചെയ്യുന്നു.

എന്നാൽ, പരാജയപ്പെട്ട സകല ആധുനിക വിപ്ലവങ്ങൾക്കുശേഷവും ജനലക്ഷങ്ങളുടെ വിധി നിർ ണയിക്കുന്ന പുതിയ വിമോചന പ്രസ്ഥാനങ്ങളും വിപ്ലവകാരികളും ചരിത്രത്തിൽനിന്ന് ഒരു പാഠവുമുൾ ക്കൊള്ളാതെയും തള്ളാതെയും പഴയ ഭാഗങ്ങൾ തന്നെ പാഠഭേദമെന്നോണം വീണ്ടുമുരുവിട്ട് ചരിത്രത്തെ പുതിയ ദുരിതങ്ങളിലൂടെയും സാമൂഹിക ദുരന്തങ്ങളിലൂടെയും ആവർത്തന വിരസമാക്കുന്ന ഒരു കാലഘട്ടത്തിൽ പരാജയപ്പെട്ടതും പരാജയമടയാത്തതുമായ പൊതുദർശനങ്ങളും വഴിയടഞ്ഞതും കാലഹരണപ്പെട്ടതുമായ അവയുടെ പ്രത്യയശാസ്ത്ര രീതിശാസ്ത്രങ്ങളും താത്ത്വികവും ശാസ്ത്രീയവുമായ പുനഃപരിശോധനകൾക്ക് വിധേയമാക്കപ്പെടേണ്ടതുണ്ട്. അല്ലാത്തപക്ഷം ഭരണവർഗ ചൂഷണങ്ങൾക്കും ഭരണകൂട മർദനങ്ങൾക്കും ഇരയാകുവാൻ എന്നും വിധിക്കപ്പെട്ട അടിസ്ഥാന ജനവിഭാഗങ്ങൾക്ക് ആത്യന്തികമായി പുതിയ

നാളേയെക്കുറിച്ചുള്ള സ്വപ്നത്തിലും അതിനു വേണ്ടിയുള്ള ത്യാഗപൂർണമായ സമരങ്ങളിലും അവയുടെ നേതൃത്വത്തിലും മാത്രമല്ല, ആത്മാർഥമായ അവകാശ സമരങ്ങളിൽപ്പോലും വിശ്വാസം നഷ്ടപ്പെട്ട് സകല സാമൂഹിക തിന്മകളോടും ദുർഭരണങ്ങളോടും അവർ രാജിയാകുന്ന സാമൂഹിക ദുരന്തത്തിലേക്ക് വഴിയൊരുക്കുക മാത്രമായിരിക്കും ഫലം.

**സത്യാഗ്രഹ മാർഗത്തിലെ കൃത്യതയും ദുരന്തപൂർണമായ അന്ത്യവും**

നീണ്ട വിദേശ വാസത്തിനുശേഷം ഇന്ത്യയിൽ തിരിച്ചെത്തി ദേശീയ പ്രസ്ഥാനത്തിന്റെ നേതൃനിരയിലേക്കെത്തുമ്പോഴേക്കും സത്യാഗ്രഹ സമരത്തെ സംബന്ധിച്ച വ്യക്തവും വിശദവുമായ രൂപം ഗാന്ധിജിയിൽ രൂപപ്പെട്ടുകഴിഞ്ഞിരുന്നു. സംഭവ ബഹുലമായ ദക്ഷിണാഫ്രിക്കൻ ജീവിതം 'സത്യാഗ്രഹം എന്ന ജീവിത/ സമര ദർശനത്തെ ഏതുവിധം രൂപപ്പെടുത്തിയെന്ന് വിശദമായി പ്രതിപാദിക്കുന്ന ദക്ഷിണാഫ്രിക്കയിലെ സത്യഗ്രഹവും, ഗാന്ധിദർശനം വിഭാവനം ചെയ്യുന്ന രാഷ്ട്ര വ്യവസ്ഥയുടെ സ്വഭാവവും അതിന് ആധുനിക വികസന സങ്കൽപ്പങ്ങളോടുള്ള സമീപനവും കൃത്യമായ പ്രത്യയശാസ്ത്ര വീക്ഷണകോണുകളിലൂടെ അതിമനോഹരമായി വിവരിക്കുന്ന ഹിന്ദ് സ്വരാജും പോലുള്ള ഗാന്ധിജിയുടെ കൃതികൾ ഇതാണ് വ്യക്തമാക്കുന്നത്. ഇവ്വിധം വ്യക്തമായ ഉൾക്കാഴ്ചയോടെയുള്ള പ്രത്യയശാസ്ത്ര നിലപാടുകളുടെ അടിസ്ഥാനത്തിൽ ഇന്ത്യ സ്വാതന്ത്ര്യസമരത്തിലുടനീളവും, ഗാന്ധിജിതന്നെ അഭിപ്രായപ്പെടുന്നതുപോലെ അതിന്റെ ദുരന്തപൂർണമായ' പര്യവസാനത്തിനുശേഷം സ്വന്തം രാഷ്ട്രീയ അനുയായികളിൽ നിന്നും മാനസികമായി അകന്നു ജീവിച്ച തീർത്ത ആ സമരജീവിതത്തിലെ അവസാന നിമിഷവും വരെ തന്റെ വിശ്വാസ പ്രമാണങ്ങളിൽ അടിയുറച്ചുനിന്നു എന്നത് തന്നെയാണ് ഗാന്ധിജി എന്ന

സമരനായകനെ സമകാലികരായ ഇതര ജനനേതാക്കളിൽ നിന്നും വ്യത്യസ്തനാക്കുന്നതും. സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ആദ്യ ജനകീയ മുന്നേറ്റമായ ചൗരിചൗരാ സമരത്തിൽനിന്നുള്ള അപ്രതീക്ഷിത പിന്മാറ്റവുമായി ബന്ധപ്പെട്ട് രാഷ്ട്രീയ പ്രതിയോഗികൾ ഉയർത്തിയ ആരോപണങ്ങൾ മുതൽ, സ്വന്തം അനുയായികളടക്കമുള്ളവരുടെ സങ്കുചിത രാജ്യസ്നേഹത്തിനുമപ്പുറത്തേക്ക് ജീവിതസായാഹ്നത്തിൽ അദ്ദേഹത്തെ നയിച്ച അവസാന സത്യാഗ്രഹസമരം വരെ ഗാന്ധിജി സ്വീകരിച്ച കൃത്യവും സുചിന്തിതവുമായ നിലപാടുകൾ സ്വന്തം ജീവിത ദർശനത്തോട് ഗാന്ധിജി പുലർത്തിയ സത്യസന്ധതയും പ്രതിബദ്ധതയും തന്നെയാണ് വ്യക്തമാക്കുന്നത്.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെയും ഗാന്ധി ജീവിതത്തിലേയും അവസാന നാളുകൾ കാണുക. അക്രമരാഹിത്യത്തിന്റെ മാർഗത്തിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ഇന്ത്യൻ സ്വാതന്ത്ര്യസമരവും അതിനെത്തുടർന്ന് 1947 ആഗസ്റ്റ് 15-നു നടന്ന അധികാരക്കൈമാറ്റവും അതുവരെ ലോകത്ത് നടന്നിട്ടുള്ള വിപ്ലവങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായ ജനകീയ വിജയമായിരുന്നു' എന്നും 'ഇത്ര മഹത്തായ ഒരു സംഭവം ഇത്ര കുറച്ച രക്തച്ചൊരിച്ചിലോടും അക്രമത്തോടും കൂടി ഇതിനു മുമ്പ് സമീപകാല ചരിത്രത്തിൽ പരിസമാപ്തിയിലെത്തിയിട്ടില്ല എന്നും, മഹാത്മജിയുടെ ആവേശപ്രചോദകമായ നേതൃത്വത്തിന്റെ ഫലമായാണ് ഇതു സാധിച്ചത് എന്നുമെല്ലാം കോൺഗ്രസ്സ് നേതൃത്വം സ്വാതന്ത്ര്യലബ്ധിയുടെ ആദ്യ നാളിൽ തന്നെ അവകാശവാദമുന്നയിച്ചിരുന്നു.

എന്നാൽ, ഗാന്ധിജിയെ സംബന്ധിച്ചേടത്തോളം ഇത്തരം അവകാശവാദങ്ങൾ പോകട്ടെ സ്വാതന്ത്ര്യലബ്ധിയിൽ ഒരു സാധാരണ ഇന്ത്യക്കാരനുണ്ടാകുന്ന സന്തോഷം പോലും സംഭവിച്ചിരുന്നില്ല എന്നതായിരുന്നു യാഥാർഥ്യം. പരാജയമടഞ്ഞ പോരാളിയുടേതിനേക്കാൾ തകർന്നടിഞ്ഞ ഒരു സാധാരണ മനുഷ്യന്റെ മാനസികാവസ്ഥയിലായിരുന്നു അദ്ദേഹം. മരണം വരേയും ആ നിരാശബോധം അദ്ദേഹത്തെ വേട്ടയാടുകയും ചെയ്തിരുന്നു. ഞാൻ ശൂന്യമായിപ്പോയി, സ്വാതന്ത്ര്യലബ്ധിയുമായി ബന്ധപ്പെട്ട് പൊതുസന്ദേശത്തിനായി സമീപിച്ച വാർത്താവിതരണ വകുപ്പിലെ ഉദ്യോഗസ്ഥനോടുള്ള ഗാന്ധിജിയുടെ ആദ്യ പ്രതികരണമതായിരുന്നു. സന്ദേശങ്ങളൊന്നും തരാതിരിക്കുന്നത് മോശമാകുമെന്ന് ഓർമപ്പെടുത്തിയ ഉദ്യോഗസ്ഥനോട് 'യാതൊരു സന്ദേശവുമില്ല, അത് മോശമാണങ്കിൽ അങ്ങനെ ആയിക്കൊള്ളട്ടെ' എന്ന് അദ്ദേഹം മറുപടി പറഞ്ഞു. ഇന്ത്യാ ചരിത്രത്തിൽ അത് വരെ കാണാതിരുന്ന സാമുദായിക ഭ്രാന്തിന് രാജ്യം അടിമപ്പെട്ട നാളുകളിൽ തന്റെ സ്വപ്നങ്ങളും ലക്ഷ്യങ്ങളും തകർന്നടിയപ്പെട്ടതായി ഗാന്ധിജി തിരിച്ചറിഞ്ഞു. കോൺഗ്രസ്സ് ലീഗ് നേതാക്കൾ ബ്രിട്ടീഷ് പ്രതിനിധികളുമായി അധികാരക്കൈമാറ്റ ചർച്ചകളിൽ മുഴുകുന്ന സമയത്ത് ഇന്ത്യൻ അതിർത്തികളിൽ പരസ്പരം കൊന്നുമുന്നേറുന്ന മുസ്ലീംകൾക്കും ഹിന്ദുക്കൾക്കുമിടയിൽ

മുറിവേറ്റ ഹൃദയവുമായി അക്ഷരാർഥത്തിൽ ഓടിനടക്കുകയായിരുന്നു രാഷ്ട്ര പിതാവ്. അന്നേക്കും ലോകത്തിലെ ഏറ്റവും വലിയ സൈന്യങ്ങളിലൊന്നായ ഇന്ത്യൻ പട്ടാളം തോറ്റുപോയ ഇരുവശങ്ങളിലേയും രാജ്യാതിർത്തികളിലേക്ക് ഗാന്ധിയെന്ന ഒറ്റയാൾ പട്ടാളത്തെ അയച്ച് വൈസ്രോയ് മൗണ്ട്ബാറ്റൺ കലാപം ശമിപ്പിക്കുന്നതിന്റെ അത്ഭുതകരമായ ചിത്രം സ്വാതന്ത്ര്യം അർധരാത്രിയിൽ എന്ന കൃതിയിൽ ലാരി കോളിൻസും ഡൊമിനിക്ക് ലാപിയറും ഹൃദയസ്പൃക്കാംവിധം വിവരിക്കുന്നുണ്ട്.

തന്റെ പ്രസ്ഥാനത്തിനും രാജ്യത്തിനും സ്വാതന്ത്ര്യലബ്ധിയോടെ നേരിട്ട ദുരന്തത്തിൽ അഗാധ ദുഃഖിതനായിരുന്ന ഗാന്ധിജി, മൂന്ന് ദശാബ്ദത്തിലേറെ താൻ പ്രചരിപ്പിച്ച അക്രമരഹിത തത്ത്വസംഹിതകളുടെ പരിപൂർണ പരാജയം തുറന്ന് സമ്മതിച്ചുകൊണ്ട് ചരിത്രത്തോട് നീതിപുലർത്താനുള്ള അത്യപൂർവ സത്യസന്ധതയും സ്വജീവിതത്തിൽ പൂർത്തീകരിക്കുകയായിരുന്നു. താൻ വിഭാവനം ചെയ്ത രാഷ്ട്രത്തിന്റെ അസ്ഥിവാരം തകർക്കുന്ന അടിസ്ഥാന പ്രശ്നങ്ങളായി ഹിന്ദു മുസ്ലിം ബന്ധങ്ങളിലെ അസ്വാരസ്യങ്ങളെയും, രാഷ്ട്ര പുനർനിർമാണ ദൗത്യം അർപ്പിക്കപ്പെട്ട കോൺഗ്രസ്സ് പ്രസ്ഥാനത്തിനു സംഭവിച്ച അധഃപതനത്തെയും തിരിച്ചറിഞ്ഞ ഗാന്ധിജി അവസാന നാളുകളിൽ കാതലായ ഈ പ്രശ്നത്തിലേക്ക് രാജ്യത്തിന്റെയും ജനങ്ങളുടേയും ശ്രദ്ധ ക്ഷണിക്കുന്നതിന് തന്നാലാവുന്നവിധം അങ്ങേയറ്റം പരിശ്രമിക്കുകയുണ്ടായി. സ്നേഹമയനായ ഏകദൈവത്തിൽ വിശ്വസിച്ച സനാതന ഹിന്ദുവായ ഗാന്ധി സകല സങ്കുചിത സാമുദായിക താൽപ്പര്യങ്ങൾക്കെതിരെയും, ഹിന്ദുമുസ്ലിം ജനവിഭാഗങ്ങളെ തമ്മിലടിപ്പിക്കുന്ന വർഗീയ ശക്തികൾക്കെതിരെയും സ്വന്തം മനസ്സാക്ഷിക്കനുസൃതമായി നടത്തിയ സമരത്തിൽ തന്റെ അവസാന ശ്വാസം വരെ ഉറച്ച് നിൽക്കുകയും ചെയ്തു. കോൺഗ്രസ്സിലെ മറ്റു നേതാക്കളിൽ നിന്നും ഇതര ബൂർഷ്വാ വിപ്ലവകാരികളിൽ നിന്നും ഗാന്ധിജിയെ വ്യതിരിക്തനാക്കുന്ന ഏറ്റവും വലിയ സവിശേഷതയും വ്യക്തിമാഹാത്മ്യവും ഇതു തന്നെയായിരുന്നു എന്ന് ഗാന്ധിയും ഗാന്ധിസവും എന്ന ഗ്രന്ഥത്തിൽ ഇ.എം.എസ് വിലയിരുത്തുന്നുണ്ട്.

എന്നാൽ ദുഷിച്ച സാമുദായികതക്കെതിരെ പ്രായോഗികതലത്തിൽ ശക്തമായ സമരം നടത്തുമ്പോഴും അതിന്റെ യഥാർഥ കാരണങ്ങൾ തിരിച്ചറിയുന്നതിനോ ശരിയായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനോ കഴിയാനാകാത്ത, ആത്മവിശ്വാസം നഷ്ടപ്പെട്ട അവസ്ഥയിലായിരുന്ന അദ്ദേഹത്തിന്റെ അവസാന നാളുകൾ: "നൂറ്റിരുപത്തഞ്ച് വർഷം ജീവിക്കാൻ ആഗ്രഹിക്കുകയോ അല്ലങ്കിൽ ഇപ്പോൾത്തന്നെ മരിക്കാൻ ആഗ്രഹിക്കുകയോ ചെയ്യുന്നതല്ല നിസ്സംശയമായും ഉത്തമമായ കാര്യം. ദൈവേഛക്ക് പരിപൂർണമായും സമർപ്പിതമായ ഒരവസ്ഥയായിരിക്കണം എന്റേത്... നൂറ്റിയിരുപത്തഞ്ച് വർഷം ജീവിക്കാനുള്ള ആഗ്രഹം പരസ്യമായി പ്രഖ്യാപിക്കാൻ തക്ക ഔദ്ധത്യം എനിക്കുണ്ടായിരുന്നെങ്കിൽ, മാറിയ സാഹചര്യങ്ങളിൽ ആ ആഗ്രഹം പരസ്യമായി ഉപേക്ഷിക്കുന്നതിനുള്ള വിനയവും എനിക്കുണ്ടായിരിക്കണം. അപരിഷ്കൃതനായിത്തീർന്ന മനുഷ്യൻ അവൻ ഹിന്ദുവെന്നോ മുസ്‌ലിമെന്നോ അതല്ല മറ്റേതെങ്കിലും പേരോ സ്വയം വിളിക്കാനുള്ള ചങ്കൂറ്റം കാട്ടിയാലും മനുഷ്യക്കശാപ്പുകളുടെ കാപാലികനായി മാറുന്ന സാഹചര്യത്തിൽ എന്നെ നിസ്സഹായനായ സാക്ഷിയാക്കുന്നതിനുപകരം, ഈ കണ്ണീർക്കടലിൽ നിന്നും എന്നെ കരകയറ്റുന്നതിനായി സർവവ്യാപിയായ ആ മഹാ ശക്തിയുടെ സഹായത്തെ ഞാൻ ആവാഹിക്കുകയാണ്." തന്റെ അവസാന ജന്മദിനത്തിൽ നൽകിയ അഭിമുഖത്തിൽ ഗാന്ധിജി വ്യക്തമാക്കി (മഹാത്മ, ഡി.ജി ടെണ്ടുൽക്കർ വാല്യം 8, പേജ് 176). രാജ്യം കണ്ടതിൽ വെച്ചേറ്റവും ഭീകരമായ മതഭ്രാന്തിന്റെ സാഹചര്യങ്ങളിൽ സാമുദായിക ഐക്യത്തിനുവേണ്ടി പരിശ്രമിക്കുന്ന ഏതൊരാളും ഇരുവശത്തുമുള്ള യാഥാസ്ഥിതികരുടെ വെറുപ്പ് സമ്പാദിക്കുമെന്ന് ഉത്തമ ബോധ്യമുണ്ടായിരുന്ന ഗാന്ധിജി ജനുവരി 28-ാം തിയതി രാജ്കുമാരി അമൃത്കൗറുമായി നടക്കുന്ന സംഭാഷണത്തിനിടയിൽ 'ഭ്രാന്തുപിടിച്ച ഒരു മനുഷ്യന്റെ വെടിയുണ്ടകളേറ്റു മരിക്കാൻ താനിഷ്ടപ്പെടുന്നുവെന്നും, അങ്ങനെ സംഭവിക്കുന്നപക്ഷം പുഞ്ചിരിതൂകിക്കൊണ്ട് താൻ മരിക്കുമെന്നും' തന്റെ അന്ത്യത്തെക്കുറിച്ച് ദീർഘവീക്ഷണം ചെയ്യുന്നുമുണ്ട്. ഒടുവിൽ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ ഉപാധികൾ അനുസരിച്ച് പാകിസ്ഥാൻ എന്ന സഹോദര രാജ്യത്തിനു നൽകാൻ ബാധ്യസ്ഥമായ സ്ഥാവര ജംഗമ സ്വത്തുവഹകൾ കൊടുക്കാനാവില്ലെന്ന് ശാഠ്യം പിടിച്ച സ്വതന്ത്ര ഇന്ത്യയുടെ അഭ്യന്തരമന്ത്രിയും പ്രിയ അനുയായിയുമായ വല്ലഭായ് പട്ടേലിന്റെ നിലപാടിനെതിരെ നീതിയുടെ പക്ഷത്ത് ശക്തമായി നിലയുറച്ച് തന്റെ ജീവിതത്തിലെ അവസാനത്തെ സത്യാഗ്രഹത്തിലൂടെ അന്തിമ പോരാട്ടം പ്രഖ്യാപിച്ച ഗാന്ധിജി ഹിന്ദു തീവ്രവാദി വിഭാഗത്തിന്റെ ആത്യന്തിക ശത്രുതക്കിരയാവുകയും അവരുടെ തന്നെ കൈകളാൽ വധിക്കപ്പെടുകയും ചെയ്തു.

അഗാധമായ ദൈവബോധവും മനുഷ്യനിലും അവന്റെ നന്മയിലുമുള്ള അടിയുറച്ച വിശ്വാസവുമായിരുന്നു ഗാന്ധിയൻ ജീവിതദർശനത്തിന്റെ കാതൽ. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ സമൂഹത്തിനുവേണ്ടിയുള്ള സമരങ്ങളിൽ തൊഴിലാളികളും കർഷകരുമായ സാധാരണക്കാർ പ്രകടിപ്പിച്ച ത്യാഗബുദ്ധിയും സമർപ്പണവുമാണ് നന്മയിലധിഷ്ഠിതമായ ജനകീയസമരത്തിന്റെ യഥാർഥ ശക്തിയെ തിരിച്ചറിയുന്നതിന് തന്നെ സഹായിച്ചതെന്നും സ്വന്തം അസ്തിത്വവുമായി ബന്ധപ്പെട്ട ഒരു അവകാശപ്പോരാട്ടത്തെ വിട്ടുവീഴ്ചയില്ലാതെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ ദൈവവിശ്വാസത്തിനുള്ള പങ്കും പ്രാധാന്യവും ഒരു സാധാരണ ദൈവവിശ്വാസിയിൽ നിന്നും ഒരുഞൊടുലോടെ' താൻ തിരിച്ചറിയുന്നത് അവിടെ

നിന്നാണെന്നും'ദക്ഷിണാഫ്രിക്കയിലെ സത്യാഗ്രഹത്തിൽ ഗാന്ധിജി വിശദമായി വിവരിക്കുന്നുണ്ട്. ഇത്തരത്തിൽ ത്യാഗവും അക്രമരാഹിത്യവും ദൈവവിശ്വാസവും അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ജനകീയ വിമോചനപ്പോരാട്ടത്തിന്റെ വിശാല വേദിയെന്ന നിലയിൽ ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലേക്ക് കടന്നുവന്ന ഗാന്ധിജി അതിനെ ഏഴുലക്ഷം ഇന്ത്യൻ ഗ്രാമങ്ങളിലെ പാവപ്പെട്ട ഗ്രാമീണ ജനതയുടെ വൻ മുന്നേറ്റമാക്കി പരിവർത്തിപ്പിക്കുന്നതിലും ഭരണകൂടത്തെ വിറപ്പിക്കുന്നതിലും അത്ഭുതകരമായി വിജയിക്കുകയും ചെയ്തു. എന്നാൽ അത്തരമൊരു സ്നേഹസമരത്തിന്റെ പരിസമാപ്തിയിൽ മൂന്നുപതിറ്റാണ്ടോളം അക്രമ രാഹിത്യത്തിന്റേയും ത്യാഗത്തിന്റെയും സത്യത്തിന്റെയും പാതയിലൂടെ താൻ മുന്നോട്ട് നയിച്ച അതേ ജനവിഭാഗം സകല നന്മകളും കൈവിട്ട് പരസ്പരം കൊന്നുതള്ളുന്നതിന്റെ യഥാർഥ കാരണങ്ങൾ വിശദീകരിക്കാനാവാതെ അമ്പരന്നുപോകുന്ന ഗന്ധിജിയേയാണ് അവസാന നാളുകളിൽ ലോകം കാണുന്നത്. മഹാത്മാഗാന്ധി എന്ന മനുഷ്യസ്നേഹിയായ വിപ്ലവകാരിയുടെ ജീവിതാന്ത്യം ഇത്തരമൊരു അനിവാര്യ ദുരന്തത്തിലെത്തിച്ചേർന്നതിന്റെ പ്രത്യയശാസ്ത്രപരമായ കാരണങ്ങൾ മാർക്സിയൻ വീക്ഷണകോണിലൂടെ ഇ.എം.എസ് വിശദീകരിക്കുന്നത് ചരിത്രത്തിന്റെ ഇങ്ങേതലക്കൽനിന്നുകൊണ്ട് പരിശോധിക്കുന്നത് കൗതുകകരമായ ഒരനുഭവമാണ്.

' 'അസ്വാസ്ഥ്യജനകമായ ഈ സംഭവവികാസങ്ങൾക്ക് അദ്ദേഹത്തിന്(ഗാന്ധിജിക്ക്) കാണാൻ കഴിഞ്ഞ ഏക കാരണം ഇതായിരുന്നു. മനുഷ്യൻ, അക്രമരഹിത സമരത്തിന്റെ തത്ത്വവും പ്രയോഗവും ആരുടെ സന്മാർഗികമായ പുനരുത്ഥാനത്തെ ലക്ഷ്യമാക്കിക്കൊണ്ട് താൻ വളർത്തിയെടുത്തുവോ ആ മനുഷ്യൻ, ഭ്രാന്തനായിത്തീർന്നിരിക്കുന്നു. സ്നേഹത്തിന്റെയും അക്രമരാഹിത്യത്തിന്റെയും സുവിശേഷം മൂന്ന് ദശാബ്ദക്കാലം പ്രസംഗിച്ചതിനുശേഷവും ഭ്രാന്തനായ മനുഷ്യൻ സ്ഥിരബുദ്ധിയുള്ള മനുഷ്യനായി മാറുകയല്ല, നേരെ മറിച്ചാണ് സംഭവിച്ചത് എന്നതിനു എന്താണ് കാരണം? ഈ ചോദ്യം അദ്ദേഹത്തെ അത്യധികം അമ്പരപ്പിച്ചു. അതുകൊണ്ട് ദൈവത്തിൽ വിശ്വാസമർപ്പിക്കുക എന്നതിൽ കവിഞ്ഞ് യാതൊന്നും ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഗാന്ധിജിയുടെ മാഹാത്മ്യത്തിന്റെ പരിമിതി ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. അദ്ദേഹത്തിന്റെ കാഴ്ച ബൂർഷ്വാസിയുടെ ലോകവീക്ഷണം കൊണ്ട് പരിമിതമാക്കപ്പെട്ടിരുന്നതിനാൽ, സമുദായിക ബന്ധങ്ങൾ വഷളായിത്തീർന്നതും, അധികാരക്കൈമാറ്റത്തിനു തൊട്ടുമുമ്പും അതിനു ശേഷവും ആയി കോൺഗ്രസ്സ് അധഃപതിച്ചതും യാദൃഛികമല്ലെന്നും സാമൂഹിക വികസനത്തിന്റെ ചില നിയമങ്ങളുടെ പ്രവർത്തന ഫലമാണെന്നും കാണാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഇതുകാണാൻ സാധിച്ചിരുന്നെങ്കിൽ ഹിന്ദു മുസ്ലിം സംഘട്ടനങ്ങൾ ഉണ്ടാകുന്നത് സാധാരണക്കാരായ ഹിന്ദുക്കളിലും മുസ്ലിംകളിലും ഒളിഞ്ഞുകിടക്കുന്ന എന്തോ തകരാറുകൊണ്ടല്ലെന്നും അവരെ തമ്മിലടിപ്പിക്കാൻ പ്രേരിപ്പിക്കുന്ന വ്യക്തമായ ചില സാമൂഹിക ശക്തികൾ പ്രവർത്തിച്ചതുകൊണ്ടാണെന്നും അദ്ദേഹം മനസ്സിലാക്കുമായിരുന്നു. എങ്കിൽ ഹിന്ദു-മുസ്ലിം ബഹുജനങ്ങളുടെ വിധി ദൈവത്തിനു വിട്ടുകൊടുക്കാൻ തീരുമാനിക്കാതെ കലാപങ്ങൾ കുത്തിപ്പൊക്കുന്നതിനായി പ്രവർത്തിക്കുന്ന സാമൂഹിക ശക്തികൾക്കെതിരായി അദ്ദേഹം പോരാടുമായിരുന്നു'' (ഗാന്ധിയും ഗാന്ധിസവും, അധ്യായം 12, പേജ് 156, 157). അത്രയും നന്ന്. എന്നാൽ ബൂർഷ്വാസിയുടെ ലോകവീക്ഷണംകൊണ്ട് പരിമിതമാക്കപ്പെടാത്ത ഒരു പ്രത്യയശാസ്ത്രവും പ്രസ്ഥാനവും, വർഗതാൽപ്പര്യങ്ങൾ

ക്കതീതമയി എന്നും നിലകൊ(ള്ളേ)ണ്ട അതിന്റെ നേതൃത്വവും, സാമുദായികതയും അഴിമതിയും വർഗീയതതയുമടക്കമുള്ള സകല സാമൂഹിക തിന്മകളും കൂടുതൽ സങ്കീർണവും രൂക്ഷമായ പുതിയ കാലഘട്ടത്തിൽ അവയുടെ യഥാർഥ കാരണങ്ങൾ കാണാതെ പോകുന്നതിന്റെയും, മൂലകാരണമായ മുതലാളിത്തത്തോട് നിരന്തരം രാജിയാവേണ്ടിവരുന്നതിന്റെയും പ്രത്യയശാസ്ത്ര രാഷ്ട്രീയ സാഹചര്യങ്ങൾ കൂടി സത്യസന്ധമായി വിശകലനം ചെയ്യപ്പെടേണ്ടതായി വന്നിരിക്കുന്നു.

എന്തായാലും ദരിദ്രരും അടിച്ചമർത്തപ്പെടുന്നവരുമായ ജനങ്ങളുടെ വിമോചനത്തിനായി അക്ഷീണം പ്രവർത്തിച്ച രണ്ട് യഥാർഥ വിപ്ലവകാരികൾ എന്ന നിലയിൽ കാൾ മാർക്സിനും കരംചന്ദ് ഗാന്ധിക്കുമിടയിലുള്ള സമാനതകൾ എടുത്തു പറയപ്പെടേണ്ടതാണ്. ഗാന്ധിജിയെപ്പോലെ മാർക്സും അന്യവൽക്കരണത്തെയാണ് സാമൂഹിക തിന്മകളുടെയെല്ലാം മൂലകാരണമായി കണ്ടത്. എല്ലാറ്റിനുമുപരി മനുഷ്യനിലുള്ള അടിയുറച്ച വിശ്വാസം തന്നെയായായിരുന്നു ഇരുദർശനങ്ങളുടെയും ചാലക ശക്തിയും. എന്നാൽ പുസ്തകക്കൂമ്പാരങ്ങൾക്കിടയിലിരുന്നുകൊണ്ട് അഗാധമായ പാണ്ഡിത്യത്തിന്റെയും കൊടിയ ദാരിദ്ര്യത്തിന്റെയും സ്വാനുഭവതലത്തിൽ മനുഷ്യരാശിയുടെ വേദനകളെ സ്വാംശീകരിച്ച കാൾ മാർക്സ് മനുഷ്യനെന്ന പ്രതിഭാസത്തെക്കുറിച്ച് പുലർത്തിയ യാഥാർഥ്യബോധം പോലും സധാരണക്കാർക്കിടയിലേക്ക് അക്ഷരാർഥത്തിൽ ഇറങ്ങിച്ചെന്ന് അവരെ നേരിട്ടറിഞ്ഞ് അവർക്കിടയിൽ ജീവിച്ച ഗാന്ധിജിക്കില്ലാതെ പോയി എന്നത്, പ്രായോഗികമതിയായ രാഷ്ട്രീയക്കാരൻ എന്ന നിലയിൽ കഴിവു തെളിയിച്ച വ്യക്തി എന്ന സവിശേഷ സാഹചര്യത്തിൽ പ്രത്യേകിച്ചും, ഇ.എം.എസ് നിരീക്ഷിക്കുന്നതുപോലെ, അദ്ദേഹത്തെ നയിച്ച സാമൂഹിക വീക്ഷണത്തിന്റെയും ജീവിതദർശനത്തിന്റെയും പോരായ്മയായി മാത്രമേ വിലയിരുത്തുവാനാകൂ. എന്നാൽ സകല സൈദ്ധാന്തിക വിശകലനങ്ങൾക്കുമപ്പുറം മനുഷ്യസ്വരൂപത്തെ സമഗ്രമായി തിരിച്ചറിയുന്നതിൽ ഇരു ദർശനങ്ങൾക്കും കഴിയാതെ പോയി എന്ന യാഥാർഥ്യം വളരെ വൈകാതെ തന്നെ ചരിത്രം വെളിച്ചത്തുകൊണ്ടുവരികയും ചെയ്തു. അതിൽ ഏത് പ്രായോഗിക തലത്തിൽ മനുഷ്യരോട് കൂടുതൽ മനുഷ്യത്വപരമായി നിലകൊണ്ടു എന്നതും അതെന്തുകൊണ്ട് എന്നതും വിശകലന വിധേയമാക്കപ്പെടേണ്ടതുണ്ട്.

**പരിമിതികൾ**

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ സാമാന്യജനത്തെ പോരാട്ട വീഥിയിലേക്ക് കൊണ്ടുവരുന്നതിൽ അഭൂതപൂർവമായി വിജയിച്ച ഗാന്ധിയൻ സമരമാർഗത്തിന്റെ വിപ്ലവാത്മക വശത്തെ അംഗീകരിക്കുമ്പോൾ തന്നെ, അതിനു പല പരിമിതികളും ഉണ്ടായിരുന്നതായി പ്രശസ്ത ചരിത്രകാരനായ ബിപിൻ ചന്ദ്ര (ദേശീയതത്വവും സാമ്രാജ്യത്വവും ആധുനിക ഇന്ത്യയിൽ) രേഖപ്പെടുത്തുന്നുണ്ട്.'ഇന്ത്യൻ ജനതയിലെ ഭൂരിഭാഗം വരുന്ന ദരിദ്ര കർഷകരേയും കർഷകത്തൊഴിലാളികളെയും രാഷ്ട്രീയ പ്രവർത്തനത്തിലേക്ക് കൊണ്ടുവരുന്നതിന്റെ നാലണ അംഗത്വത്തിനപ്പുറം ജനങ്ങളെ രാഷ്ട്രീയമായി സംഘടിപ്പിക്കുന്നതിനോ, രാഷ്ട്രീയപ്രവർത്തനം വളരെ കണിശമായി മുകളിൽ നിന്നു നിയന്ത്രിക്കപ്പെട്ട ഒന്നായിരുന്നതിനാൽ ഒരു സ്വതന്ത്ര രഷ്ട്രീയശക്തി എന്ന നിലയിൽ ജനശക്തിയെ പരിവർത്തിപ്പിക്കുന്നതിനോ, സമരത്തിനു നേതൃത്വം നൽകിയിരുന്ന ബുദ്ധിജീവികളും ജനങ്ങളും തമ്മിലുള്ള വിടവ് നികത്തുന്നതിനോ ഗാന്ധിജിയുടെ

നേതൃത്വത്തിനു കഴിഞ്ഞില്ല എന്നീ കാര്യങ്ങളാണ് ഗാന്ധിയൻ സമരത്തിന്റെ പ്രധാന ദൗർബല്യങ്ങളായി ബിപിൻചന്ദ്ര എടുത്തു പറയുന്നത്. സമരത്തിന്റെ പരിണതിയോ ഗതിയോ നിയന്ത്രിക്കാൻ തക്കതായ ഒരു തന്ത്രത്തിന്റെ അല്ലെങ്കിൽ ദിശയുടെ പൂർണ അഭാവത്തിൽ അല്ലെങ്കിൽ രാഷ്ട്രീയ പ്രക്രിയയിൽ ജനങ്ങളുടെ തീർത്തും പരിമിതമായ കീഴ്പ്പെട്ടുന്ന പങ്കിലാണ് ഈ ദൗർബല്യം ഇരിക്കുന്നതെന്നും അദ്ദേഹം അതിന്റെ കാരണമായി വിശദീകരിക്കുന്നു. പോലീസ്, സർക്കാർ ഓഫീസുകൾ ആശുപത്രികൾ, കോടതികൾ, കോളേജുകൾ, പട്ടാളം, സ്കൂൾ തുടങ്ങി ആധുനികമായ സകല സംവിധാനങ്ങളെയും നിരാകരിച്ചുകൊണ്ട് നിലവിലുള്ള വ്യവസ്ഥിതിക്കെതിരേയും സർക്കാരിനെതിരേയും സമരത്തിലേർപ്പെടുമ്പോഴും, പുതിയ അധികാരം കൈയാളുന്നതിനാവശ്യമായ ശക്തിതന്ത്രങ്ങൾ ആവിഷ്കരിക്കുവാനോ ഒരു ബദൽ സാമൂഹിക സംവിധാനമോ പ്രാഥമികമായ ഒരധികാര സംവിധാനം പോലുമോ സൃഷ്ടിക്കുവാനോ ഗാന്ധിസത്തിന് കഴിയുന്നില്ല എന്ന വിമർശനവും ബിപിൻ ചന്ദ്ര ഉയർത്തുന്നുണ്ട്. ഇന്ത്യയിൽ കർഷകരും കർഷകത്തൊഴിലാളികളും അധികാരികളായി അവരുടെ ഭാഗധേയം നിശ്ചയിക്കാൻ ഊറ്റമുള്ളവരായിരുന്നുവെങ്കിൽ ഇന്ത്യയുടെ കാലികാവസ്ഥ തീർത്തും വ്യത്യസ്തമാകുമായിരുന്നു എന്നത് തർക്കമറ്റതാണ് എന്നു സമ്മതിച്ചു കൊണ്ട് 'ഗാന്ധിയൻ സമരങ്ങൾ ഇന്ത്യൻ ജനതയിലെ കർഷക ബഹുഭൂരിപക്ഷത്തെ സമരമുഖത്തേക്ക് കൊണ്ട് വന്ന് സജീവ പങ്കാളികളാക്കുന്നതിൽ വിജയിച്ചില്ല എന്ന ബിപിൻചന്ദ്രയുടെ വാദങ്ങൾ പുതിയ കാലത്തിൽ ആഴമേറിയ ഗവേഷണ പഠനങ്ങൾക്ക് വിധേയമാക്കപ്പെടേണ്ടതാണ് എന്ന അഭിപ്രായമാണ് ബിപിൻചന്ദ്രയുടെ വിമർശനങ്ങളോട് വലിയൊരു പരിധിവരെ യോജിച്ചുകൊണ്ട് പ്രമുഖ ഗാന്ധിയൻ ബുദ്ധിജീവിയായ ഡോ. കെ. അരവിന്ദാക്ഷൻ പ്രകടിപ്പിക്കുന്നത് (ഗാന്ധിയുടെ ജീവിതദർശനം, അധ്യായം അഞ്ച്, പേജ്:175).

എന്നാൽ ലക്ഷ്യം പൂർത്തീകരിക്കാനാവാതെ പോയ ഒരു സാമൂഹ വിപ്ലവദർശനം എന്ന നിലയിൽ ഗാന്ധിസത്തിന്റെയും അതിന്റെ രീതിശാസ്ത്രത്തിന്റെയും പരിമിതികളും പോരായ്മകളും എന്തൊക്കെയായിരുന്നാലും അധികാരവും അഴിമതിയും ഭരണകൂടഭീകരതയുമെല്ലാം ആഗോളവൽക്കരിക്കപ്പെട്ട ഒരു കാലഘട്ടത്തിൽ സകല തിന്മകളും ഒന്നു ചേർന്ന് ഭീകര രൂപംപൂണ്ട അധികാര സ്വത്വത്തിനു മുന്നിൽ നിസ്സഹായരായിപ്പോകുന്ന സാധാരണ ജനങ്ങൾക്ക് തങ്ങളോട് ഒരു കൂറുമില്ലാത്ത ഭരണകൂടങ്ങളെയൊന്നാകെ നിഷ്പ്രഭമാക്കുവാൻ പ്രാപ്തമാക്കുന്നതും, പതിറ്റാണ്ടുകളായി വേരുറച്ച ഏകാധിപത്യ വടവൃക്ഷങ്ങളെപ്പോലും ആധുനികവും ശാസ്ത്രീയവുമായി' മറിച്ചിടുവാൻ പര്യാപ്തമാക്കുന്നതും, ലോകത്തിലെ എത്രശക്തമായ സൈനികശക്തിയേയും നിർവീര്യമാക്കുവാൻ പോന്നതുമായ ഏറ്റവും ഫലപ്രദമായ ആയുധമെന്ന നിലയിൽ ഗാന്ധിയൻ സമരമുറകളുടെ പ്രായോഗികതയും പ്രത്യയശാസ്ത്രവും ശക്തി ദൗർബല്യങ്ങളുമെല്ലാം പഠനവിധേയമാക്കുക എന്നത് സാമൂഹിക പ്രതിബദ്ധതയുള്ള ജനകീയ പ്രസ്ഥാനങ്ങളുടെ ചരിത്രപരമായ ദൗത്യമാണ്.

# റോബോട്ടിക്സ്

**എബിൻ ബിനോയ് IX B**

മനുഷ്യന്റെ പ്രവൃത്തികൾ ഒരുപക്ഷെ മനുഷ്യനെക്കാൾ നന്നായി കൈകാര്യം ചെയ്യു ചിത്തി എന്ന യമനുഷ്യനെ കണ്ട ശരാശരി പ്രേക്ഷകർക്ക് യന്തിരൻ എന്ന ചിത്രം നൽകിയത് അത്ഭുതങ്ങളുടെ കുറച്ച് മണിക്കൂറുകളാണ്. യമനുഷ്യൻ ലോകം കയ്യടക്കിയേമെന്നുള്ള ഭാവി പ്രവചനം സംവിധായകൻ തന്റെ ചിത്രത്തിലൂടെ വിവരിച്ചതിന് പിന്നാലെ ഒട്ടും താമസിക്കാതെതന്നെ സ്വയം ചിന്തിക്കാൻ കഴിയുന്ന സോഫിയ എന്ന റോബോട് പൗരത്വത്തിനെ ലോകത്തിന് ലഭിച്ചു.

അടുക്കളമുതൽ അങ്ങാടിവരെ എന്നുള്ള പ്രയോഗം റോബോട്ടുകളെ സംബന്ധിച്ച് അധികമാവില്ല എന്ന് സാരം. വീട്ടമ്മയെപ്പോലെ വീട്ടിലെ എല്ലാ ജോലികളും നോക്കിയും കണ്ടും ചെയ്യുന്ന റോബോട്ടുകൾവരെ വിപണിയിൽ സുലഭമാണ്. മനുഷ്യന് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ കൂടി നിഷ്പ്രയാസം ചെയ്യാൻ കഴിയുന്ന റോബോട്ടുകളുടെ ഉപയോഗ മണ്ഡലങ്ങൾ വിശാലമാണ്. ആരോഗ്യമേഖയ്ക്ക് പുറമെ ദുരന്ത മേഖലകളിലും റോബോട്ടുകളെ ഉപയോഗിക്കാനാകുമെന്ന് കണ്ടെത്തിക്കൊണ്ടിരിക്കുകയാണ് ശാസ്ത്ര ലോകം. സാങ്കേതികതയെ അതിന്റെ ശരിയായ അർത്ഥത്തിൽ നല്ല കാര്യങ്ങൾക്കായി ഉപയോഗിക്കുമ്പോൾ മാത്രമാണ് കണ്ടുപിടിത്തങ്ങൾക്ക് അതിന്റെ മൂല്യം കൈവരുന്നത്. വ്യാവസായിക കാർഷിക മേഖലകളിൽ സാങ്കേതികത സന്നിവേശിപ്പിച്ചുള്ള, മനുഷ്യന്റെ ജോലിഭാരം കുറയ്ക്കുന്ന രീതിതന്നെയാണ് അതിനുദാഹരണം. ഒരു മെഷിൻ എന്ന രീതിയിൽ മനുഷ്യൻ വികസിപ്പിച്ചെടുത്ത ഉപകരണങ്ങളിൽ നിന്ന് ഒരുപാട് അകലെയാണ് റോബോട്ട് എന്ന യന്ത്രമനുഷ്യന്റെ കണ്ടുപിടിത്തം. അതിൽത്തന്നെ ഇപ്പോൾ നടക്കുന്നത് ഒരു മത്സരമാണ്. ഏറ്റവുമധികം മനുഷ്യന്റെ പ്രത്യേകതകളോട് അടുത്തിരിക്കുന്ന റോബോട്ടുകളെ നിർമ്മിക്കുന്നതിനുള്ള സാങ്കേതികത വികസിപ്പിക്കുന്നതിനുള്ള മത്സരങ്ങൾ. ഓറിഗൻ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ, റോബോട്ടിക്സ് വിഭാഗത്തിൽ വിദ്യാഭ്യാസ ഉപയോഗത്തിനായി വിദ്യാർത്ഥികൾ നിർമ്മിച്ച റോബോട്ടുകളാണ് കാസി. സാങ്കേതികവികസന മേഖലയിൽ പ്രവർത്തിക്കുമ്പോൾ പലപ്പോഴും കൗതുകങ്ങൾക്ക് വേണ്ടി റോബോട്ടുകൾ നിർമ്മാക്കറുണ്ട്. അതിൽനിന്ന് വ്യത്യസ്തമായി ആരോഗ്യമേഖലയിലുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് റോബോട്ടുകളെ പ്രയോജനപ്പെടുത്തണമെന്ന ലക്ഷ്യത്തിലാണ് സാങ്കേതികമേഖലയിൽ പ്രവർത്തിക്കുന്ന ഏതൊരാളുടെയും ലക്ഷ്യം.

കൈകാലുകൾ നഷ്ടപ്പെട്ടവർക്കായി റോബോട്ടിക് കാലുകൾ നിർമ്മിച്ച അതേ സാങ്കേതികത്വം തന്നെയാണ് ഏതൊരു റോബോട്ട് നിർമ്മാണത്തിന്റെയും അടിസ്ഥാന തത്വം. ഈ സാങ്കേതികവിദ്യയെ ഉൾക്കൊള്ളാൻ കഴിയുന്ന ഏതൊരാൾക്കും ഈ മേഖലയിലേയ്ക്ക് കടന്നുവരവ് എളുപ്പമാക്കുന്ന നിരവധി

സംഘടനകളും ഇന്ന് രംഗത്തുണ്ട്. ഇവയെ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതുവഴി ലോകത്തിൽ കഷ്ടത അനുഭവിക്കുന്ന നിരവധി ആളുകളെ സഹായിക്കുന്നതിന് നമുക്ക് കഴിയും.
റോബോട്ടിക്സ്

റോബോട്ടുകളെക്കുറിച്ച് പ്രതിപാദിക്കുന്ന ശാസ്ത്രശാഖയാണ് റോബോട്ടിക്സ്. എൻജിനീയറിങ്ങിലെ വിവിധ ശാഖകളെ ഏകീകരിപ്പിച്ചുകൊണ്ടാണ് റോബോട്ടിക്സ് പ്രവർത്തിക്കുന്നത്. മെക്കാനിക്കൽ എൻജിനീയറിങ്, ഇലക്ട്രിക്കൽ എൻജിനീയറിങ്, കമ്പ്യൂട്ടർ സയൻസ്സടങ്ങിയ ശാഖകളിൽ നിന്നെല്ലാം വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വികസിപ്പിച്ച ശാസ്ത്രശാഖയാണിത്. 'റോബോട്ട്' എന്ന വാക്കിൽനിന്നാണ് റോബോട്ടിക്സ് ഉണ്ടായത്. 'അധ്വാനം' എന്നാണതിന്റെ അർഥം. 1954 ൽ ജോർജ് ഡവൽ ആണ്ആദ്യത്തെ റോബോട്ടിനെ നിർമിക്കുന്നത്. 'യൂനിമേറ്റ്' എന്നായിരുന്നു ആദ്യത്തെ റോബോട്ടിന്റെ പേര്. 'റോബോട്ട്സ് കമ്പ്യൂട്ടർ' എന്ന്വിളിക്കുന്ന ഒരു സെൻട്രൽ കമ്പ്യൂട്ടറാണ് റോബോട്ടിന്റെ എല്ലാ സർക്യൂട്ടുകളും നിയന്ത്രിക്കുന്നത്. അതേസമയം റോബോട്ടിക്സും കൃത്രിമ ബുദ്ധിയും രണ്ടും രണ്ടാണ്. കൃത്രിമ ബുദ്ധി സന്നിവേശിപ്പിച്ച് റോബോട്ടിക്സ് എന്ന ശാസ്ത്ര ശാഖയുടെ സഹായത്തോടെയാണ് യമനുഷ്യരെ സൃഷ്ടിക്കാനാവുക.
ശാസ്ത്ര ശാഖയക്കുമപ്പുറം റോബോട്ടിക്സിന്റെ ഭാവി വളരെ വലുതാണ്. ഈ സാങ്കേതികവിദ്യയെ വശത്താക്കുന്നതിനുള്ള ആഗ്രഹങ്ങളുണ്ടെങ്കിലും എങ്ങനെ ഇതിലേയ്ക്ക് എത്തിപ്പെടാമെന്നതിനെക്കുറിച്ച് അറിയാൻ കഴിയാത്തതാണ് പലരെയും റോബോട്ടിക്സ് ശാസ്ത്രശാഖയിൽനിന്ന് അകറ്റി നിർത്തുന്നതിന് കാരണം

അന്യരാജ്യത്തെ ഡോക്ടറുമായി സംവദിക്കുന്നതിനോ ആശയവിനിമയം നടത്തുന്നതിനോ റോബോട്ട് ശസ്ത്രക്രിയാ വിദഗ്ദന് കഴിയുമെന്നുള്ളതുകൊണ്ടുതന്നെ ആരോഗ്യമേഖലയിൽ റോബോട്ടുകളെ പ്രയോജനപ്പെടുത്തുന്നതിലും ഗുണങ്ങൾ ഏറെയാണ്. മനുഷ്യരെക്കാൾ പ്രതിരോധ മേഖലയിലും പ്രവർ ത്തിക്കുന്നതിന് റോബോട്ടുകളായിരിക്കും ഗുണം ചെയ്യുക. ശത്രുരാജ്യത്തിന്റെ ആക്രമണങ്ങളിൽനിന്ന് മനുഷ്യജീവൻ രക്ഷിക്കുന്നതോടൊപ്പം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും റോബോട്ടുകൾ ഉപകാരപ്പെടും. മാഞ്ചസ്റ്ററിലുള്ള ഫസ്റ്റ് എന്ന സ്ഥാപനവും ഇത്തരത്തിൽ റോബോട്ട് പഠനശാഖയിൽ വ്യത്യസ്തത പുലർത്തുന്ന ഒന്നാണ്. പങ്കാളികളാകുകയും ആരോഗ്യപരമായ മത്സരങ്ങൾ നടത്തുകവഴിയും റോബോട്ടുകളെക്കുറിച്ച് കൂടുതലറിയാനും ഒരു നിർമ്മാതാവാകുന്നതിനും ഈ സ്ഥാപനം സഹായിക്കുന്നു. ഏറ്റവും ചെറിയ കുട്ടികൾക്ക് മുതൽ പങ്കാളികളാകാനും ഗവേഷണങ്ങളും പരീക്ഷണങ്ങളും നൽകാനുമെല്ലാം ഈ വെബ്സൈറ്റ് വഴി സൗകര്യം ലഭിക്കുന്നു. പ്രായഭേദമന്യേ എല്ലാവർക്കും റോബോട്ടിക്സിലേയ്ക്ക് കടന്നുചെല്ലാമെന്നതാണ് ഫസ്റ്റിന്റെ മുഖ്യ ആകർഷണീയത. സാങ്കേതികതയെ അതിന്റെ നല്ല രീതിയിൽ ഉപയോഗപ്പെടുത്തി നല്ലൊരു

നാളെ സൃഷ്ടിക്കാൻ നമുക്ക് കഴിയട്ടെ. കൃത്രിമതകളില്ലാത്ത സഹായ ഹസ്തങ്ങളായി നമുക്ക് മുന്നേറാം.

ഫസ്റ്റിനോടൊപ്പം.

# ഡാറ്റാ ബാങ്ക്

ദേവനാരായണൻ എസ്

ഡാറ്റ പുതിയ എണ്ണയാണെന്നാണ് വിദഗ്ധർ പറയുന്നത്. അതായത് ഒരു കാലത്തു എണ്ണ എങ്ങനെ ലോകത്തെ മാറ്റിമറിച്ചുവോ അതെ പോലെ ഡാറ്റയും ലോകത്തെ തന്നെ മാറ്റിമറിക്കും. കോടികണക്കിന് സിഗ ബൈറ്റ് ഡാറ്റായാണ് ദിവസവും ഉണ്ടാക്കുന്നത്.

വിവരങ്ങൾ ഡിജിറ്റൽ രൂപേണ സൂക്ഷിക്കുന്ന സ്ഥലത്തെയാണ് ഡാറ്റ ബാങ്ക് എന്ന് വിളിക്കുന്നത്. എളുപ്പത്തിൽ വിവരങ്ങൾ ലഭിക്കുവാനും അത് മികച്ച രീതിയിൽ ഉപയോഗിക്കുന്നതിനുമാണ് ഡാറ്റ ബാങ്ക് പ്രവർത്തിക്കുന്നത്. പല മേഖലകളിലായി ചിട്ടപ്പെടുത്തിയ വിവരങ്ങളാണ് ഈ ഡാറ്റ ബാങ്കിലുള്ളത്.

കംപ്യൂട്ടർ സെർവറുകളിലാണ് ഈ ഡാറ്റായൊക്കെ സൂക്ഷിക്കുന്നത്. .ഈ ഡാറ്റ ശേഖരം പ്രാദേശിക, വിദൂര സെർവറുകളിൽ നിന്ന് ആക്സസ് ചെയ്യാവുന്നതാണ്, മാത്രമല്ല ഒരൊറ്റ വിഷയം അല്ലെങ്കിൽ ഒന്നിലധികം വിഷയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നന്നായി ചിട്ടപ്പെടുത്തിയ രീതിയിൽ ഉൾക്കൊള്ളാൻ ഡാറ്റ ബാങ്കിന് കഴിയും. ഒരു ഡാറ്റ ബാങ്കിലെ വിവരങ്ങൾ ഇന്റർനെറ്റിൽ നിന്നും അറിയുവാൻ കഴിയും.

ഒരു ഡാറ്റാ ബാങ്കിലെ ഡാറ്റകളിൽ ആഗോള താപനില റീഡിംഗുകൾ പോലുള്ള ശാസ്ത്രീയ വിവരങ്ങൾ, സെൻസസ് സ്ഥിതിവിവരക്കണക്കുകൾ പോലുള്ള സർക്കാർ വിവരങ്ങൾ, ക്രെഡിറ്റ് കാർഡ് ഇടപാടുകൾ പോലുള്ള ധനകാര്യ രേഖകൾ അല്ലെങ്കിൽ വിവിധ കച്ചവടങ്ങളിലെ വിതരണക്കാരിൽ നിന്ന് ലഭ്യമായ സാധനങ്ങൾ എന്നിവ ആകാം.

ഈ ഡാറ്റകളിൽ ഒരു ബിസിനസ്സിനായുള്ള ഉപഭോക്താക്കളുടെ ക്രെഡിറ്റ് കാർഡ് ഇടപാടുകളോ ഒരു കമ്പനിയുടെ ഇടപാടുകളുടെ ഡാറ്റാബേസോ ആകാം, അവിടെ ദിവസേന ധാരാളം ക്വറികൾ ( വിവരങ്ങൾ ലഭിക്കുന്നതിനുള്ള പ്രോഗ്രാം കോഡ്) പ്രവ്യത്തിപ്പിക്കുകയും ചെയ്യുന്നു. അത് അനുസരിച് നിർണായക തീരുമാങ്ങൾ എടുക്കുകയും ചെയ്യുന്നു.

# കൊറോണ വൈറസ്

മേഘന മാർട്ടിൻ IX B

കൊറോണ വൈറസുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 288 പേർ നിരീക്ഷണത്തിലെന്ന് ആരോഗ്യ വകുപ്പ്. ഇതിൽ ഏഴ് പേർ ആശുപത്രികളിലാണുള്ളത്. കൊച്ചിയിൽ മൂന്ന് പേരും തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, തൃശൂർ ജില്ലകളിൽ ഒരാൾ വീതവുമാണ് ആശുപത്രികളിൽ കഴിയുന്നത്. ചൈനയിലെ വുഹാനിൽ ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ട കൊറോണ വൈറസിന്റെ ഭീതിയിലാണ് ലോകരാജ്യങ്ങളും.

### എന്താണ് കൊറോണ വൈറസ് ?

സാധാരണയായി മൃഗങ്ങൾക്കിടയിൽ കാണപ്പെടുന്ന വൈറസുകളുടെ വലിയ കൂട്ടമാണ് കൊറോണ. മൈക്രോസ്കോപ്പിലൂടെ നിരീക്ഷിച്ചാൽ കിരീടത്തിന്റെ രൂപത്തിൽ കാണപ്പെടുന്നതുകൊണ്ടാണ് ക്രൗൺ എന്ന അർത്ഥം വരുന്ന കൊറോണ എന്ന പേരിൽ ഈ വൈറസുകൾ അറിയപ്പെടുന്നത്. വളരെ വിരളമായി മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകർന്നേക്കാവുന്ന ഇത്തരം വൈറസുകളെ സൂനോട്ടിക് എന്നാണ് ശാസ്ത്രജ്ഞർ വിശേഷിപ്പിക്കുന്നത്. മനുഷ്യൻ ഉൾപ്പെടെയുള്ള സസ്തനികളുടെ ശ്വസന സംവിധാനങ്ങളെ ബാധിക്കുന്ന കൊറോണ വൈറസുകളായിരുന്നു സാർസ്, മെർസ് എന്നീ രോഗങ്ങൾക്ക് കാരണമായതും.

### രോഗലക്ഷണങ്ങൾ

വൈറസ് ബാധിക്കുന്നതും രോഗം തിരിച്ചറിയുന്നതും തമ്മിലുള്ള ഇടവേള പത്ത് ദിവസമാണ്. 5-6 ദിവസമാണ് ഇൻക്യുബേഷൻ പിരീഡ്. പത്ത് ദിവസങ്ങൾക്കുള്ളിൽ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങും. ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന പനി, കടുത്ത ചുമ, ജലദോഷം, അസാധാരണമായ ക്ഷീണം, ശ്വാസതടസം എന്നിവയാണ് രോഗത്തിന്റെ മുഖ്യലക്ഷണങ്ങൾ. ശ്വാസകോശസംബന്ധമായ പ്രശ്നങ്ങളും രോഗലക്ഷണങ്ങളിൽ പെടുന്നവയാണ്. മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്കും, മനുഷ്യരിൽ നിന്നും മനുഷ്യരിലേക്കും രോഗം പകര

മൃഗങ്ങളുമായുള്ള സമ്പർക്കം രോഗം പകരാനിടയാക്കുന്നു. മെർസ് രോഗം ആദ്യം പടർന്നുപിടിച്ചത് ഒട്ടകങ്ങളിൽ നിന്നായിരുന്നു. രോഗിയുമായി അടുത്ത് ഇടപഴകുന്നതിലൂടെയും മറ്റുള്ളവരിലേക്ക് രോഗം പകരാം. രോഗി തുമ്മുകയോ ചുമക്കുകയോ ചെയ്യുക വഴി വൈറസ് സമ്പർക്കമുള്ള ആളിലേക്കെത്തിപ്പെടാം.

### ചികിത്സ

കൊറോണ വൈറസ് ബാധയ്ക്ക് കൃത്യമായ മരുന്നുകളോ വാക്സിനുകളോ ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. രോഗലക്ഷണങ്ങൾക്ക് ശമനം നൽകുന്ന വേദനസംഹാരികൾ, ഗുളികകൾ എന്നിവയാണ് ഡോക്ടർമാർ സാധാരണ നിർദേശിക്കുക. പല വാക്സിനുകളും പരീക്ഷണഘട്ടത്തിലാണ്. അസുഖം വന്നാൽ ഒറ്റപ്പെട്ട കേന്ദ്രങ്ങളിലാണ് ചികിത്സിക്കേണ്ടത്. വളർത്തുമൃഗങ്ങൾക്ക് രോഗം ബാധിക്കാനുള്ള സാധ്യതയേറെയാണ്.

**കൊറോണവൈറസിന്റെ ഉറവിടം**

2019 ഡിസംബറിൽ ചൈനയിലെ വുഹാനിലാണ് രോഗം ആദ്യമായി റിപ്പോർട്ട് ചെയ്തത്. വുഹാനിലെ കടൽവിഭവ മാർക്കറ്റിൽ നിന്നുള്ളവർക്കാണ് രോഗം കൂടുതൽ ബാധിച്ചത്. ഇതേത്തുടർന്ന് മാർക്കറ്റ് അടച്ചുപൂട്ടിയെങ്കിലും മാർക്കറ്റുമായി ബന്ധമില്ലാത്തവരിലും രോഗം സ്ഥിരീകരിച്ചതോടെ രോഗബാധയെക്കുറിച്ചുള്ള ഭീതി വർധിച്ചു.

**ലോകാരോഗ്യസംഘടനയുടെ നിർദേശങ്ങൾ**

സോപ്പും വെള്ളവും ഉപയോഗിച്ച് കൈകൾ വൃത്തിയായി കഴുകുക, തുമ്മുമ്പോഴും ചുമക്കുമ്പോഴും ടവ്വലുകൾ ഉപയോഗിച്ച് മുഖം മറയ്ക്കുക, പനിയോ ജലദോഷമോ ഉള്ള ആളുകളുമായുള്ള സമ്പർക്കം ഒഴിവാക്കുക മത്സ്യം, മാംസം, മുട്ട തുടങ്ങിയവ നന്നായി വേവിച്ചുപയോഗിക്കുക. വളർത്തുമൃഗങ്ങളിൽ നിന്ന് അകലം പാലിക്കുക

പന്നിൽ പ്രവർത്തിച്ച പ്രിയ അധ്യാപകർക്കും ലിററിൽ കൈററ്സിലെ കൂട്ടുകാർക്കും ഞങ്ങളുടെ പ്രിയ സഹപാഠികൾക്കും കൈത്താങ്ങായി കൂടെ നന്നവർക്കും

നന്ദി ........ നന്ദി ........ നന്ദി .............